തീരുമാനങ്ങളും എടുക്കുന്ന ഉന്നതതല സമിതികളായ കരിക്കുലം സബ് കമ്മിറ്റിയിലും കരിക്കുലം കമ്മിറ്റിയിലും കെ. പി. എസ്. എച്ച്. എ., പി. എസ്. റ്റി. എ., കെ. എസ്. റ്റി. എ., കേരള സ്റ്റേറ്റ് ലിംഗ്വിസ്റ്റിക് മൈനോറിറ്റി തമിഴ് ടീച്ചേഴ്സ് അസോസിയേഷൻ എന്നീ അദ്ധ്യാപക സംഘടനാ പ്രതിനിധികൾ സ്ഥിരം അംഗങ്ങളാണ്.

(ഇ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി എൻ. സി. ഇ. ആർ. ടി.-യുടേയും കരിക്കുലം കമ്മിറ്റിയുടേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പരീക്ഷാ സമ്പ്രദായത്തിൽ മാറ്റം വരുത്താൻ തീരുമാനിച്ചത്. കരിക്കുലം സബ് കമ്മിറ്റിയുടേയും കരിക്കുലം കമ്മിറ്റിയുടേയും ശുപാർശയും ഇക്കാര്യത്തിൽ ഉണ്ടായിരുന്നു.

എസ്. എസ്. എൽ. സി. ഡ്യൂപ്ലിക്കേറ്റ് ബുക്ക് ലഭിക്കുന്നതിനുള്ള കാലതാമസം

159 [1403] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. ഡ്യൂപ്ലിക്കേറ്റ് ബുക്കിന് വേണ്ടി സമർപ്പിച്ചിട്ടുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) അപേക്ഷ സമർപ്പിച്ചിട്ട് ഡ്യൂപ്ലിക്കേറ്റ് ബുക്കുകൾ വിതരണം ചെയ്യുന്നതിന് വളരെ കാലതാമസം നേരിടുകയും ഇതുമൂലം വളരെയധികം ബുദ്ധിമുട്ടുകൾ അപേക്ഷകർക്ക് ഉണ്ടാകുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഡി) അപേക്ഷ ലഭിച്ചിട്ട് ഡ്യൂപ്ലിക്കേറ്റ് ബുക്കുകൾ വിതരണം ചെയ്യാത്ത അഞ്ചു വർഷത്തിനും പത്ത് വർഷത്തിനും ഇടയ്ക്കുള്ള കേസ്സുകൾ എത്രയെണ്ണമെന്നും 10 വർഷത്തിൻമേൽ ഉള്ളവ എത്രയെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ അറിയിക്കാമോ;

(ഇ) പ്രസ്തുത അപേക്ഷകളിലുള്ള പാകപ്പിഴകൾ അപേക്ഷകരെ അറിയിക്കാതെ അനുചിതമായ കാലവിളംബം ഉണ്ടാക്കുന്നതുമൂലമാണ് ഡ്യൂപ്ലിക്കേറ്റ് ബുക്കുകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്ന വസ്തുത ബോദ്ധ്യമായിട്ടുണ്ടോ;

(എഫ്) എസ്. എസ്. എൽ. സി. ഡ്യൂപ്ലിക്കേറ്റ് ബുക്കുകൾ വിതരണം ചെയ്യുന്നതിൽ വൻ അഴിമതിയുണ്ടെന്ന വസ്തുത മനസ്സിലാക്കി പോലീസ് വിജിലൻസ് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 6000 അപേക്ഷകൾ.

(ബി) ഉണ്ട്.

(സി) അപേക്ഷയോടൊപ്പം ആവശ്യമായ അനുബന്ധ രേഖകളെല്ലാം ലഭിക്കാത്തതും, ബ്ലാങ്ക് ബുക്ക് അയച്ചുകൊടുത്താൽ ബയോഡേറ്റ രേഖപ്പെടുത്തി ബുക്കുകൾ യഥാസമയം സ്കൂളുകളിൽ നിന്നും ലഭിക്കാത്തതും ബുക്കുകളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി തിരികെ ലഭിക്കാത്തതും കാലതാമസത്തിന് ഇടവരുത്തുന്നു. മാർക്ക് കേസുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ സൂക്ഷിക്കുന്ന ടാബുലേഷൻ രജിസ്റ്ററിൽ നിന്നും മാർക്ക് പകർത്തി നടപടി പൂർത്തിയാക്കേണ്ടതുള്ളതിനാൽ ആ വിധത്തിലും കാലതാമസം ഉണ്ടാകാറുണ്ട്. രജിസ്റ്ററുകൾക്ക് കേട് സംഭവിക്കുമ്പോൾ അവ ബയന്റിംഗിന് അയയ്ക്കാറുണ്ട്. ഈ കാലയളവിൽ പ്രസ്തുത രജിസ്റ്ററുകളുമായി ബന്ധപ്പെട്ട ഡ്യൂപ്ലിക്കേറ്റ് ബുക്കുകൾ നൽകുന്നതിൽ കാലതാമസമുണ്ടാകും. അപേക്ഷകരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ എണ്ണം അപര്യാപ്തമായതിനാലും, എസ്. എസ്. എൽ. സി. ഉൾപ്പെടെ സമയബന്ധിതമായി നടത്തേണ്ട പരീക്ഷാ ജോലികളിൽ ഡ്യൂപ്ലിക്കേറ്റ് ബുക്ക് വിതരണവുമായി ബന്ധപ്പെട്ട സെക്ഷനുകളിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തേണ്ടിവരുന്നതിനാലും കാലതാമസത്തിനിട വരുന്നുണ്ട്.

(ഡി) അപേക്ഷ ലഭിച്ചിട്ട് ഡ്യൂപ്ലിക്കേറ്റ് ബുക്കുകൾ വിതരണം ചെയ്യാത്ത 5 വർഷത്തിനും 10 വർഷത്തിനും ഇടയ്ക്കുള്ള കേസ്സുകൾ 1668 എണ്ണമുണ്ട്. പത്ത് വർഷത്തിനുമേൽ പഴക്കമുള്ള കേസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

തിരുവനന്തപുരം	..	23
കൊല്ലം	..	25
ആലപ്പുഴ	..	23
എറണാകുളം	..	20
കോട്ടയം	..	21
ഇടുക്കി	..	16
പത്തനംതിട്ട	..	28
കാസർഗോഡ്	..	10

(ഇ) അപേക്ഷകളുടെ ബാഹുല്യംമൂലം പാകപ്പിഴകൾ മുഴുവൻ യഥാസമയം അപേക്ഷകരെ അറിയിക്കാൻ കഴിയാതെ വരാറുണ്ട്.

(എഫ്) ഇത്തരത്തിലുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly